**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2678** **17-03-2022 - ൽ മറുപടിയ്ക്ക്**

**കീഴായൂർ സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി വെട്ടിപൊളിച്ച കീഴായൂർ റോഡ് പുനർ നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കീഴായൂർ ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ നിർമ്മാണപ്രവർത്തികൾക്കായി വെട്ടിപ്പൊളിച്ച കീഴായൂർ റോഡ് കാൽനട പോലും അസാദ്ധ്യമാകുന്ന തരത്തിലാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | പട്ടാമ്പിയിലെ മരുതൂരിലുള്ള 33 കെ.വി സബ്സ്റ്റേഷനിൽനിന്നും കീഴായൂരിൽ പുതിയതായി നിർമ്മിച്ച 110 കെ.വി സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി കേബിൾ ഇടുന്നതിനായി കീഴായൂർ റോഡ് ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ പെർമനെന്റ് റീസ്റ്റോറേഷനു വേണ്ടി കെ.എസ്.ഇ.ബി, പട്ടാമ്പി മുനിസിപ്പാലിറ്റിയിലേക്ക് 33,22,535/- രൂപ (മുപ്പത്തിമൂന്നു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ) അടച്ചിട്ടുണ്ട്. ഇതിനുപുറമേ താൽക്കാലിക റീസ്റ്റോറേഷനും ചെയ്തിട്ടുണ്ട്. |
| (ബി) | കീഴായൂർ റോഡ് പുനർ നിർമ്മിക്കുന്നതിനു എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്നു വിശദമാക്കാമോ; പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | കീഴായൂർ റോഡ് പുനർനിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടത് പട്ടാമ്പി മുനിസിപ്പാലിറ്റിയാണ്. |

സെക്ഷൻ ഓഫീസർ